എം.സി.എ നാസർ

# ശൗര്യം കുറയുന്ന ഡോളറും വിധേയരുടെ കവാത്തും

**ഇന്ത്യൻ** രൂപ ലോക കമ്പോളത്തിൽ നാൾക്കുനാൾ നില മെച്ചപ്പെടുത്തുമ്പോൾ ഏറ്റവും വലിയ തിരിച്ചടി നേരിടുന്നത് ഗൾഫിലെ പ്രവാസികൾക്കാണ്. കുറഞ്ഞ വരുമാനക്കാരായ ഗൾഫ് തൊഴിലാളികളെ സംബന്ധിച്ചേടത്തോളം നീക്കിവെപ്പുകൾ ഒന്നുമില്ലെന്നു വന്നു. വാടകയും ജീവിത ചെലവും ഉയർന്നപ്പോൾ തിരിച്ചുപോക്കിന് മനസ് പാകപ്പെടുത്തിയവരുണ്ട്. ഒരു നിലക്കും പിടിച്ചുനിൽക്കാൻ പറ്റാതെ അപമാനിതരായി പുറന്തള്ളപ്പെടുന്ന പാവം മനുഷ്യരുടെ ഗദ്ഗദങ്ങളും ശാപവചനങ്ങളുമാണ് എല്ലാ ഗൾഫ് നഗരങ്ങളെയും ഇപ്പോൾ ചൂഴ്ന്നു നിൽക്കുന്നത്. അവരുടെ നിസ്സഹായത കലർന്ന നിലവിളിയാണ് നഗരാരവങ്ങളെ മറികടന്ന് ഇരച്ചെത്തുന്നതും. ആഗോളവത്കരണത്തിന്റെ സ്വാഭാവിക ഇരകളായി ഗൾഫ് പറ്റങ്ങളും മാറിക്കഴിഞ്ഞു. നോം ചോംസ്കി വിശേഷിപ്പിച്ച ആധുനിക അടിമത്തത്തിന്റെ ഈ ജീവൽമാതൃകകൾ പടിയിറങ്ങുമ്പോൾ ഗൾഫ് വികസനം കൂടിയാകും പാതി വഴിയിലൊടുങ്ങുക. ഇതു പക്ഷേ, എവിടെയും ചർച്ച ചെയ്യപ്പെടുന്നില്ല.

പ്രതിസന്ധിയുടെ ആഴത്തെ കുറിച്ച് ഗൾഫ് രാഷ്ട്രങ്ങൾക്ക് ബോധമില്ലാഞ്ഞിട്ടല്ല. യു.എസ് ഡോളറിനെ കൈവിടുമ്പോഴുള്ള രാഷ്ട്രീയ-സാമ്പത്തിക പ്രത്യാഘാതങ്ങൾ എല്ലാവരെയും ആഴത്തിൽതന്നെ അലട്ടുന്നുണ്ട്. നാണ്യപ്പെരുപ്പവും ജീവിത ചെലവും തടയാൻ സർക്കാർ ജീവനക്കാർക്ക് ശമ്പളം കുത്തനെ കൂട്ടുകയാണ്. യു.എ.ഇ 70 ശതമാനം ശമ്പള വർധനവാണ് പ്രഖ്യാപിച്ചത്. സുഊദിയിൽ മുപ്പത് ശതമാനം പ്രഖ്യാപിക്കാനിരിക്കുന്നു. സബ്സിഡി തുകയും കുത്തനെ ഉയർത്തി. ഇതൊന്നും പക്ഷേ പക്വമായ സാമ്പത്തിക ബദലുകളല്ല. സ്വകാര്യ മേഖലയിൽ പതിറ്റാണ്ടുകൾക്കു മുമ്പുള്ള അതേ ശമ്പളം തുടരുമ്പോൾ സംഭവിക്കുന്നത് വ്യാപകമായ അസന്തുലിതത്വമായിരിക്കും.

### ഗൾഫിന് നഷ്ടം യാങ്കിക്കും തിരിച്ചടി

എണ്ണവില ഗണ്യമായി ഉയർന്നതോടെ ഗൾഫ് രാജ്യങ്ങളുടെ കരുതൽ ധനം വർധിച്ച സമയം കൂടിയാണിത്. 2002 മുതൽ ആഗോള വിപണിയിൽ എണ്ണവില അടിക്കടി ഉയർന്നതിന്റെ ഫലമായി വൻതോതിൽ വരുമാനം ഒഴുകിയെത്തി. 3500 ബില്യൻ ഡോളറിന്റെ കരുതൽ ധനമായി ഇത് ഉയർന്നു. ഡോളറിന് സംഭവിച്ച ക്ഷീണം സ്വാഭാവികമായും ഈ കരുതൽ ധനത്തെ തളർത്തും. മറ്റു കറൻസികളുടെ മൂല്യം ഉയരാൻ അനുവദിക്കുമ്പോൾ രാഷ്ട്രം ഫണ്ട് ചെയ്യുന്ന പദ്ധതികൾ കൂടുതൽ ചെലവേറിയതായും മാറും. ജനുവരി ഒന്നുമുതൽ ഗൾഫ് പൊതുവിപണി നടപ്പാക്കുമ്പോഴും ഡോളറിന്റെ കാര്യത്തിൽ ഒരു തീർപ്പിലെത്തേണ്ടിവരും.1983-ൽ ആണ് സ്വതന്ത്ര വാണിജ്യ സോണുകൾക്ക് ജി.സി.സി രൂപം നൽകിയത്. 2003-ൽ കസ്റ്റംസ് യൂനിയൻ നിലവിൽ വന്നു. ഗൾഫ് നിക്ഷേപകർക്കും പ്രഫഷനലുകൾക്കുമായി എല്ലാ മേഖലകളും തുറന്നിടാനാണ് തീരുമാനം. 2010-ൽ ഏകീകൃത കറൻസി യാഥാർഥ്യമാകുമെന്നാണ് പ്രതീക്ഷ. ആഗോള സമ്പദ്ഘടനയിൽ ജി.സി.സിക്ക് ഒന്നു പൊരുതിനോക്കാൻ ഏകീകൃത കറൻസി വഴിയൊരുക്കും. ഏറ്റവും വലിയ വാണിജ്യ കേന്ദ്രം എന്ന നിലക്ക് യു.എ.ഇക്കാവും ഇതിന്റെ ഗുണഫലം കൂടുതൽ ലഭ്യമാവുക. ഒറ്റ വിപണിയും തുല്യ തൊഴിലവസരങ്ങളും രൂപപ്പെടുന്നതോടെ ഗൾഫ് പൗരന്മാർക്കിടയിലെ അസന്തുലിതത്വത്തിന്റെ തോത് കുറയും.

അമേരിക്കയുടെ സാമ്പത്തിക അടിത്തറയും തകർച്ച നേരിടുകയാണ്. വ്യാപാരക്കമ്മി 76,360 കോടി ഡോളർ കവിഞ്ഞു. 1999 മുതൽ 2007 മധ്യത്തിലെത്തുന്നതോടെ യു.എസ് കറന്റ് അക്കൗണ്ട് കമ്മി 2.6 ട്രില്യൻ ഡോളറായി മാറി. ദേശീയ കടത്തിന്റെ വ്യാപ്തി വീണ്ടും വർധിച്ചിരിക്കുന്നു. മറ്റു രാജ്യങ്ങൾ ഡോളറിനെ ആശ്രയിക്കുന്നതിലൂടെ വന്നു ചേരുന്ന മെയ്യനങ്ങാതെയുള്ള ധനം മാത്രമാണ് സാമ്രാജ്യത്വത്തെ ഇപ്പോൾ താങ്ങിനിർത്തുന്നത്. ആഗോള കരുതൽ പണമെന്ന ബലത്തിൽ ഡോളർ തുടരുന്നതും യാങ്കിക്ക് ഗുണം ചെയ്യും. എന്നാൽ ചൈന മുതൽ ഫിലിപ്പീൻസ് വരെയുള്ള രാജ്യങ്ങൾ ഡോളറിതര കറൻസിയിലേക്ക് ചുവടുമാറ്റം നടത്തുന്നത് ആസന്ന ഭാവിയിൽ പുതിയ സാമ്പത്തിക-രാഷ്ട്രീയ സമവാക്യങ്ങൾക്ക് അടിത്തറ പാകിയേക്കും.

ഡിസംബർ ആദ്യം ദോഹയിൽ ചേർന്ന ഗൾഫ് സഹകരണ കൗൺസിൽ (ജി.സി.സി) ഉച്ചകോടിയിൽ തന്ത്രപരമായ ഒളിച്ചോട്ടമാണ് നടന്നത്. ഡോളറിനെ തൽക്കാലം കൈവിടേണ്ടതില്ലെന്ന തീരുമാനം ഒറ്റ സ്വരത്തിൽ തന്നെ കൈക്കൊണ്ടു. യു.എസ് സമ്മർദവും ബദൽ

കറൻസി നിർണയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നിലനിൽക്കെ, ഇതല്ലാതെ മറ്റു വഴിയില്ലായിരുന്നു. ശരിയായ പരിഹാരമല്ലെങ്കിലും ഗൾഫ് കറൻസി മൂല്യം അഞ്ചു ശതമാനം വർധിപ്പിച്ചുകൊണ്ട് പ്രതിസന്ധി നേരിടണമെന്ന ആവശ്യം ശക്തമാണ്. അല്ലാത്ത പക്ഷം വിപണിയെ അത് പിടിച്ചുലക്കുമെന്നാണ് സാമ്പത്തിക വിദഗ്ധർ നൽകുന്ന മുന്നറിയിപ്പ്. കുവൈത്ത് മാതൃകയിൽ സ്വന്തം നിലക്ക് തീരുമാനങ്ങളെടുക്കാൻ അതത് ഗൾഫ് രാജ്യങ്ങൾക്ക് ജി.സി.സി പച്ചക്കൊടി കാട്ടുകയായിരുന്നു.

നവംബറിൽ രിയാദിൽ ചേർന്ന എണ്ണ കയറ്റുമതി രാജ്യങ്ങളുടെ (ഒപെക്) ഉച്ചകോടിയിലും ഡോളറിന്റെ രക്ഷക്കെത്തിയത് ഗൾഫ് രാജ്യങ്ങളായിരുന്നു. എണ്ണയിടപാട് കറൻസി സ്ഥാനത്തുനിന്ന് ഡോളറിനെ മാറ്റണമെന്ന് ഇറാൻ പ്രസിഡന്റ് നിജാദും വെനിസ്വല പ്രസിഡന്റ് ചാവേസും വാദിച്ചുനോക്കി. ഡോളർ ബന്ധം കാരണം ഒപെക് രാഷ്ട്രങ്ങൾക്ക് നഷ്ടപ്പെടുന്ന കോടികളുടെ കണക്കുകൾ നിരത്തിനോക്കി. ഉപഭോഗത്തിന് വൻതുക ചെലവിടുന്ന സാമ്രാജ്യത്വം അതിന്റെ ധനക്കമ്മിയും വ്യാപാരക്കമ്മിയും സമർഥമായി മറച്ചുവെക്കുകയാണെന്ന് ചാവേസ് തുറന്നടിച്ചു. ഒന്നും ഏശിയില്ല. ഒടുക്കം ഇറാൻ രണ്ടും കൽപിച്ച് സ്വന്തംനിലയിൽ ഡോളറിനെ എണ്ണ കൈമാറ്റ കറൻസി സ്ഥാനത്തുനിന്ന് മൊഴി ചൊല്ലി. അപ്പോഴും പുതിയ ലോകക്രമത്തിൽ യാങ്കിക്ക് പോറൽ ഏൽപിക്കുന്ന തീരുമാനം കൈക്കൊള്ളുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങളിലേക്ക് വഴിതുറക്കുമെന്ന ആശങ്കയിലായിരുന്നു ഗൾഫ് തട്ടകങ്ങൾ. സ്വയം മാറാതെ ഒരു ജനതയും ഗതി പിടിക്കില്ലെന്ന വിശുദ്ധ വാകൃത്തിന്റെ പൊരുൾ ഇനിയെന്നാണാവോ ഇവർക്ക് പിടികിട്ടുക!

## അമേരിക്കൻ ഉച്ചകോടിയിൽ കണ്ടത്

1985 ഫെബ്രുവരി 11.

അമേരിക്കയിലെത്തിയ സുഊദി ഭരണാധികാരി ഫഹ്ദ് രാജാവിനോട് റൊണാൾഡ് റീഗൻ പറഞ്ഞത് ഇന്നും ചരിത്രരേഖയാണ്: “മനുഷ്യ വംശത്തിനു മേൽ സ്വേഛാധിപത്യം അടിച്ചേൽപിക്കുന്നവരാണ് നമ്മുടെ ശത്രുക്കൾ. ഇവർക്കെതിരെ പടിഞ്ഞാറൻ രാജ്യങ്ങളിലെയും മുസ്‌ലിംലോകത്തെയും പൗരന്മാർ ഒരുമിച്ചു നിൽക്കണം....”

അഫ്ഗാനിൽ റഷ്യൻ ചെമ്പടയുടെ കരാളത മുസ്‌ലിംലോകത്തെ കൂടെ നിർത്താൻ നല്ലൊരു ആയുധമാക്കി മാറ്റുകയായിരുന്നു അന്ന്. റഷ്യൻസാമ്രാജ്യത്വത്തിനെതിരെ മുസ്‌ലിം ലോക വികാരം യാങ്കി സമർഥമായി മുതലെടുത്തു. അതുകഴിഞ്ഞ് രണ്ട് പതിറ്റാണ്ടിലേറെ കഴിഞ്ഞു. 2007 നവംബറിന്റെ തണുപ്പിൽ അന്നപൊളിസ് ഉച്ചകോടിയിലെത്തുമ്പോൾ സുഊദി വിദേശകാര്യ മന്ത്രി സൗദ് അൽ ഫൈസൽ രാജകുമാരനോട് അറബ്-ജൂത ഐക്യത്തിന്റെ ആവശ്യകതയായിരുന്നു പുതിയ പ്രസിഡന്റ് ബുഷിന് പറയാനുണ്ടായിരുന്നത്. അമേരിക്കൻ കുടക്കീഴിൽ അറബ്-ജൂത സമൂഹത്തെ ഒരുമിപ്പിച്ചുനിർത്തിയാൽ ശാന്തി വരുമെന്ന ദിവാസ്വപ്നം. ജനാധിപത്യം ശക്തിപ്പെടുത്താതെ സമാധാനം കൈവരില്ലെന്നായിരുന്നു ബുഷിന്റെ ആദ്യ സിദ്ധാന്തം. അറബ് ലോകത്തെ സ്വേഛാ ഭരണകൂടങ്ങളെ കൂടെ നിർത്താനും ഇതിലൂടെ സാധിക്കുമെന്ന് ബുഷ് സ്വപ്നം കണ്ടു. സ്വതന്ത്ര തെരഞ്ഞെടുപ്പ് നടന്നാൽ തങ്ങളുടെ താൽപര്യങ്ങൾക്കാവും മുൻതൂക്കം ലഭിക്കുകയെന്നും കരുതി. നടന്നത് പക്ഷേ, നേരെ മറിച്ചാണ്. ഇസ്‌ലാമിക ധാരകളോട് ചേർന്നു നിൽക്കുന്ന രാഷ്ട്രീയ ശക്തികൾക്കാണ് ജനമനസ്സിൽ വേരോട്ടം ലഭിച്ചത്. ഫലസ്ത്വീനിൽ യാങ്കി തന്ത്രത്തെ ഹമാസ് തകിടംമറിച്ചു. ഇറാനും ഹിസ്ബുല്ലക്കും സ്വാധീനം കൂടി.

ഫലസ്ത്വീൻ പ്രദേശങ്ങളിലെ നിയമവിരുദ്ധ കുടിയേറ്റം, ഫലസ്ത്വീൻ അഭയാർഥികളുടെ തിരിച്ചുവരവ്, ജറൂസലം കേന്ദ്രമായുള്ള ഫലസ്ത്വീൻ രാഷ്ട്ര രൂപവത്കരണം, 1967-ൽ പിടിച്ചെടുത്ത സ്ഥലങ്ങളിൽനിന്നുള്ള ഇസ്രയേൽ ഒഴിച്ചുപോക്ക് എന്നിങ്ങനെ കാതലായ കാര്യങ്ങൾ നിരവധി. അന്നപൊളിസിൽ പക്ഷേ, ഈ അടിസ്ഥാന പ്രശ്നങ്ങളൊന്നും ചർച്ച ചെയ്യപ്പെട്ടില്ല. യു.എസ് സ്പോൺസർ ചെയ്ത യെഹൂദ് ഒൽമെർട്ട്- മഹ്മൂദ് അബ്ബാസ്-അറബ് ലോക പ്രഹസനമായി ഉച്ചകോടി ചത്തൊടുങ്ങി. ശരാശരി മാധ്യമ ഉച്ചകോടിക്കപ്പുറത്തേക്ക് ഇത് ചെന്നെത്തിയതുമില്ല. ഫോട്ടോ പോസ് ഉച്ചകോടിക്ക് തങ്ങളില്ലെന്നായിരുന്നു സുഊദി വിദേശകാര്യ മന്ത്രി സൗദ് അൽ ഫൈസൽ രാജകുമാരൻ രണ്ടു മാസം മുമ്പ് പറഞ്ഞത്. ഗോലാൻ കുന്നുകളുടെ പ്രശ്നം ചർച്ച ചെയ്യാതെ അമേരിക്കയിലേക്ക് വണ്ടി കയറില്ലെന്ന് സിറിയയും പറഞ്ഞതാണ്. എല്ലാവരും വാക്കുകൾ വിഴുങ്ങി. അന്നപൊളിസ് കണ്ടു മടങ്ങി.

എന്തുകൊണ്ട് ഈജിപ്തിന്റെയും ജോർദാന്റെയും മാതൃക പിന്തുടർന്ന് ഇസ്രയേലുമായി നയതന്ത്രം പാടില്ലെന്നായിരുന്നു യാങ്കി ചോദ്യം. എന്തുകൊണ്ട് സുഊദി നേതൃത്വം ഇസ്രയേൽ പ്രതിനിധികൾക്ക് കൈ കൊടുത്തില്ലെന്ന കർമശാസ്ത്ര വിഷയങ്ങളിൽ അഭിരമിക്കാനായിരുന്നു പടിഞ്ഞാറൻ മാധ്യമങ്ങൾക്ക് താൽപര്യം. 2002-ൽ തുടക്കം കുറിച്ച റോഡ് മാപ്പ് പദ്ധതി വൈറ്റ് ഹൗസിൽ നിന്നും താൻ പടിയിറങ്ങും മുമ്പ് കരയിലടുപ്പിക്കണം എന്നൊന്നുമല്ല ബുഷിന്റെ ചിന്തയെന്നുറപ്പ്. സമാധാന മുദ്രാവാക്യങ്ങളുടെ മറവിൽ തങ്ങളുടെയും ഇസ്രയേലിന്റെയും താൽപര്യ സംരക്ഷണം മാത്രമാണ് അജണ്ട. നയതന്ത്ര സമാധാന കച്ചവടം ജൂതരാജ്യത്തിന് എന്നും ലാഭം മാത്രമേ നൽകിയിട്ടുള്ളൂ. ‘സമാധാന ഉടമ്പടി യാഥാർഥ്യമാകും വരെ റോഡ്മാപ്പ് പദ്ധതി നിർദേശങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ടവർക്ക് ബാധ്യതയുണ്ട്’ എന്നാണ് ബുഷ് പ്രസംഗത്തിൽ പറഞ്ഞത്. റോഡ് മാപ്പ് പദ്ധതിയുടെ ഒന്നാം ഘട്ടമായി എണ്ണിയ 24 ഇന കാര്യങ്ങളിൽ ഒന്നു പോലും നടപ്പാക്കാൻ ഇസ്രയേൽ മാനൃത കാണിച്ചില്ല. ഇരകൾക്കുമേൽ അക്രമങ്ങൾ ഇപ്പോഴും നിർബാധം തുടരുന്നു. കുടിയേറ്റത്തിൽ ഒട്ടും കുറവ് വന്നില്ല. ജനതകളെ പകുക്കുന്ന മതിൽ നിർമാണം പുരോഗമിക്കുന്നു.

ദ്വിരാഷ്ട്ര പരിഹാര ഫോർമുല അന്നപൊളിസിൽ പരാമർശിക്കപ്പെടുക പോലും ചെയ്തില്ല. ഹമാസും ഇറാനും ലബനാനും മാറ്റിനിർത്തപ്പെട്ട അന്നപൊളിസിൽ ഇരകളുടെ ദൈന്യവശം പ്രതിഫലിക്കാതെ പോയി. ഫലസ്ത്വീൻ രാഷ്ട്രത്തെ കുറിച്ച വ്യക്തമായ രൂപരേഖ സമർപ്പിക്കാൻ അറബ് ലോകത്തിനും കഴഞ്ഞില്ല. അഴിമതി മുഖമുദ്രയായ ഈജിപ്ത് ഉൾപ്പെടെയുള്ള ഭരണകൂടങ്ങൾക്ക് തങ്ങളുടെ യാങ്കി വിധേയത്വം പ്രകടിപ്പിക്കുന്നതിലപ്പുറം ഇത്തരം ഉച്ചകോടികൾ ഒന്നും ഉൽപാദിപ്പിക്കുന്നില്ലെന്ന് ഒരിക്കൽ കൂടി തെളിഞ്ഞു.

## അധിനിവേശത്തിനു മുമ്പേ പൊളിയുന്ന കള്ളങ്ങൾ

യു.എസ് ഇന്റലിജൻസ് റിപ്പോർട്ട് പുറത്തുവന്നതും ഏതാണ്ട് ഇതേ സമയം തന്നെ. ഇറാൻ 2003 മുതൽ ആണവായുധ നിർമാണം മരവിപ്പിച്ചിരിക്കുകയാണെന്ന് റിപ്പോർട്ട് പറഞ്ഞു. അന്താരാഷ്ട്ര ആണവോർജ സമിതിയുടെ കണ്ടെത്തലാണിത്. അതിനെ യാങ്കി ഏജൻസിയും ശരിവെച്ചുവെന്നു മാത്രം. പതിനാറോളം വരുന്ന യു.എസ് രഹസ്യാന്വേഷണ ഏജൻസികളുടെ കണ്ടെത്തൽ. എന്നിട്ടാണ് ഇറാന്റെ ആണവായുധങ്ങൾ മൂന്നാം ലോകയുദ്ധത്തിന് വഴിയൊരുക്കുമെന്ന് കഴിഞ്ഞ ദിവസവും ബുഷ് മുന്നറിയിപ്പ് നൽകിയത്!

യു.എസ് നാഷ്നൽ ഇന്റലിജൻസ് എസ്റ്റിമേറ്റ് റിപ്പോർട്ട്(എൻ.ഐ.ഇ) തള്ളിപ്പറയാനും ബുഷ് ധാർഷ്ട്യം കാണിച്ചു. ‘ഇറാൻ ലോകത്തിന് വൻ ഭീഷണി

യാണെന്ന എന്റെ അഭിപ്രായം തിരുത്തിക്കാൻ എൻ.ഐ.ഇ റിപ്പോർട്ട് കാര്യമായി യാതൊന്നും മുന്നോട്ടുവെക്കുന്നില്ല."

എൻ.ഐ.ഇ ഡയറക്ടർ റിപ്പോർട്ട് തയാറാക്കിയ മുഴുവൻ പേരെയും ശ്ലാഘിച്ചു. 'ഇറാഖുമായി ബന്ധപ്പെട്ട ഇന്റലിജൻസ് പരാജയത്തിനു ശേഷം ഏജൻസികൾ പരിഷ്കരിച്ചതിന്റെ ഗുണം' കൂടിയാണ് സത്യസന്ധമായ ഈ വിലയിരുത്തലെന്നാണ് അദ്ദേഹം പ്രതികരിച്ചത്. ഇറാഖ് പാതകത്തിനുള്ള വൈകി വന്ന പ്രായശ്ചിത്തം. ഇതേ യു.എസ് ഏജൻസികളും ഉദ്യോഗസ്ഥരും തന്നെയായിരുന്നല്ലോ ഇറാഖ് ഭീഷണിയെ കുറിച്ച അപസർപ്പക കഥകൾ രചിച്ച് അധിനിവേശത്തിന് ആശയാടിത്തറ പണിതത്. 2005-ൽ ഇറാൻ പ്രസിഡന്റായി അധികാരമേറ്റ അഹ്മദീ നിജാദ് തങ്ങൾ ആയുധവത്കരണ പദ്ധതി ഉപേക്ഷിച്ചുവെന്ന് വെളിപ്പെടുത്തിയതാണ്. ബ്രിട്ടൻ, ഫ്രാൻസ്, ജർമനി എന്നീ മൂന്ന് യൂറോപ്യൻ രാജ്യങ്ങളുമായി നടന്ന ചർച്ചക്കൊടുവിൽ 2003 ഒക്ടോബർ 21-നാണ് ഇറാൻ തങ്ങളുടെ തീരുമാനം പ്രഖ്യാപിച്ചത്. 'യു.എൻ ലക്ഷ്യങ്ങൾക്കനുസരിച്ച് നിരായുധീകരണം നടപ്പാക്കി മേഖലയുടെ സുരക്ഷയും കെട്ടുറപ്പും സംരക്ഷിക്കാനുള്ള പ്രക്രിയയിൽ ഇറാൻ സഹകരിക്കാൻ തീരുമാനിച്ചു' എന്നാണ് മൂന്ന് യൂറോപ്യൻ യൂനിയൻ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ മാലോകർ കേൾക്കെ പ്രസ്താവിച്ചത്. ലിഖിത കരാറിനോട് ഇറാൻ നൂറു ശതമാനം നീതി പുലർത്തിയെന്ന് യു.എസ് ഇന്റലിജൻസ് റിപ്പോർട്ടും ഇതാ ശരിവെച്ചിരിക്കുന്നു. അപ്രഖ്യാപിത സ്വഭാവത്തിലുള്ള ആയുധപദ്ധതി ഇറാനിൽ ഇല്ലെന്ന തങ്ങളുടെ കണ്ടെത്തൽ ശരിവെച്ച യു.എസ് ഏജൻസിയെ ആണവോർജ സമിതി തലവൻ മുഹമ്മദ് അൽബറാദി സ്വാഗതം ചെയ്തതും ശ്രദ്ധേയം. അതേ സമയം ഇസ്രയേലും ബുഷ് ഭരണകൂടവുമാണ് വെട്ടിലായത്.

എന്നാൽ ഇറാൻപേടി നിലനിർത്തേണ്ടത് ആയുധ വ്യാപാരത്തിനും രാഷ്ട്രീയ നേട്ടത്തിനും യാങ്കിക്ക് പ്രധാനമാണ്. ഡിസംബർ ആദ്യവാരം ബഹ്റൈനിൽ നടന്ന 'മനാമ സംവാദ'ത്തിൽ ഓടിയെത്തിയ യു.എസ് പ്രതിരോധ സെക്രട്ടറി തന്റെ മുൻഗാമി കോളിൻ പവലിനെ കടത്തിവെട്ടുമാറാണ് അയൽപക്കഭീഷണിയെ കുറിച്ച് ഗൾഫ് രാഷ്ട്രങ്ങൾക്ക് മുന്നറിയിപ്പ് നൽകിയത്. ഗൾഫ് രാജ്യങ്ങൾക്ക് വൻ ഭീഷണിയായിരിക്കും ഇറാനെന്നും അദ്ദേഹം പറഞ്ഞു. ഇസ്രയേലിന്റെ ആണവ സാമഗ്രികൾ ആർക്കും ഭീഷണിയാകില്ലെന്ന ഒന്നാന്തരം വെളിപ്പെടുത്തൽ വേറെയും. ആയുധങ്ങളല്ല, നയതന്ത്ര പരിഹാര മാർഗമാണ് തേടേണ്ടതെന്ന് ജി.സി.സി സെക്രട്ടറി ജനറൽ അബ്ദുർറഹ്മാൻ അൽ അത്വിയ്യ ഉൾപ്പെടെയുള്ളവർ അമേരിക്കക്ക് വേദമോതിക്കൊടുത്തത് മിച്ചം.

## ആയുധ വിപണി തഴച്ചു വളരുമ്പോൾ

ആയുധവിപണിയുടെ സമൃദ്ധിയാണ് യാങ്കി സ്വപ്നം കാണുന്നത്. ശത്രുപക്ഷത്ത് ഇറാനെ പ്രതിഷ്ഠിക്കാൻ കഴിഞ്ഞാൽ ആയുധമണിയിക്കുക എളുപ്പമാകും. മിസൈൽ പ്രതിരോധ ഉപകരണങ്ങളുടെ പുതിയ കരാർ ഇതിന് പ്രത്യക്ഷ തെളിവാണ്. യു.എ.ഇ, കുവൈത്ത് ഉൾപ്പെടെ ഇറാൻ അതിർത്തിയോട് ചേർന്നു കിടക്കുന്ന ഗൾഫ് രാജ്യങ്ങൾക്ക് 10.4 ബില്യൻ ഡോളറിന്റെ മിസൈൽ പ്രതിരോധ സംവിധാനമാണ് ഒരുക്കുന്നത്. നവീന സാങ്കേതിക തികവുള്ള 288 പാട്രിയറ്റ് പി.എ.സി 3 മിസൈലുകളാണ് യു.എ.ഇ ആവശ്യപ്പെട്ടതെന്ന് പെന്റഗൺ യു.എസ് കോൺഗ്രസ് മുമ്പാകെ വ്യക്തമാക്കി. മൊത്തം 9 ബില്യൻ ഡോളർ ചെലവ് വരും ഇതിന്. 80 പി.എ.സി-3, പി.എ.സി-2 മിസൈലുകളാണ് കുവൈത്തിന് ആവശ്യം. 1.36 ബില്യനാണ് ഇതിന്റെ ചെലവ്. സഖ്യ രാഷ്ട്രങ്ങളുടെ സുരക്ഷക്ക് എന്തുകൊണ്ടും യോജിക്കുന്നതാണിവയെന്ന് യു.എസ് ആണയിടുന്നു. ജൂലൈയിൽ പ്രഖ്യാപിച്ച ഗൾഫ് സുരക്ഷയുമായി ബന്ധപ്പെട്ട പ്രഖ്യാപനത്തിന്റെ പ്രയോഗവത്കരണം കൂടിയാണിത്. സുഊദിക്കുള്ള ആയുധവിതരണത്തിനും രൂപമായിട്ടുണ്ട്. സംഘർഷം വ്യാപിപ്പിക്കുകയും ആയുധവിപണി സജീവമാക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. ഇതിനെ പ്രതിരോധിക്കണമെങ്കിൽ അയൽ രാജ്യങ്ങളുമായുള്ള സഹവർത്തിത്വം വളർത്തണമെന്ന് ഇറാൻ തിരിച്ചറിഞ്ഞു. യു.എ.ഇ മുതൽ സുഊദി വരെ നിജാദ് നിരന്തര സന്ദർശനം നടത്തി. വിവാദ വിഷയങ്ങളിൽപോലും തുറന്ന ചർച്ച ആകാമെന്നു പറഞ്ഞു. ജി.സി.സിയുമായി സുരക്ഷാ സഹകരണ കരാറിന് സന്നദ്ധത അറിയിച്ചു. ആണവ സാങ്കേതിക സഹായം വാഗ്ദാനം ചെയ്തു. എണ്ണ, വാതക മേഖലകളിൽ കൂട്ടുസംരംഭങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്താമെന്ന് പറഞ്ഞു.

ദോഹ ഉച്ചകോടിയിലേക്ക് നിജാദിനെ ക്ഷണിക്കുംവരെ ഈ ബന്ധം വളർന്നു. ഗൾഫ്-ഇറാൻ സാമ്പത്തിക സഖ്യവും സുരക്ഷാ കരാറുമാണ് നിജാദ് ദോഹ ഉച്ചകോടിയിൽ മുന്നോട്ടുവെച്ച നിർദേശം. ബാഹ്യശക്തികളുടെ ഇടപെടൽ തീർത്തും അവസാനിപ്പിക്കണമെന്ന ഉപദേശവും നൽകി. മേഖലയുടെ ശാന്തിക്കും കെട്ടുറപ്പിനും ഇത് അനിവാര്യമാണെന്ന് ഇറാഖ് അനുഭവങ്ങളുടെ വെളിച്ചത്തിലാണ് നിജാദ് സമർഥിച്ചത്. ഉച്ചകോടി പൊതുവെ ഇതിനെ സ്വാഗതം ചെയ്യുകയുണ്ടായി.

ദോഹ ഉച്ചകോടിയിലേക്ക് ഇറാനെ ക്ഷണിച്ചത് ഏറ്റവും നല്ല നയതന്ത്ര നീക്കം. പരസ്പരം ചേർത്തു പിടിക്കലിന്റെ സുഖമുണ്ടിതിന്. ഒരുപക്ഷേ, ഇറാഖിന്റെ കാര്യത്തിൽ സംഭവിച്ച വീഴ്ചയുടെ പ്രായശ്ചിത്തം കൂടിയാകാം ഈ പുനർവിചിന്തനം. 2003 മാർച്ച് അധിനിവേശത്തിന്റെ ഏതാനും ദിവസം മുമ്പാണ് ഗൾഫ് ഉൾപ്പെട്ട ഒ.ഐ.സി അസാധാരണ ഉച്ചകോടി ദോഹയിൽ വിളിച്ചത്. അന്നവിടെ യാങ്കി അധിനിവേശത്തിനെതിരെ അരുത് എന്നു വിളിച്ചു പറയാൻ ഒരുത്തനും ഉണ്ടായില്ല. ശാന്തിമന്ത്ര ജാടകളിൽ പൊതിഞ്ഞ വിരസഭാഷണങ്ങളായിരുന്നു അന്നവിടെ കേട്ടത്. ഇറാഖ് പ്രതിനിധികൾക്ക് നേരാംവണ്ണം ഒന്നു സംസാരിക്കാൻ പോലും കുവൈത്തിന്റെ ഇടപെടൽ മൂലം സാധിച്ചില്ല.

ഇരകളുടെ ശൈഥില്യം യാങ്കിക്ക് ശരിക്കും ബോധ്യപ്പെട്ടത് അന്നാണ്. ഉച്ചകോടികൾ കൊണ്ട് ഇങ്ങനെയും ചില മെച്ചങ്ങളുണ്ടെന്ന് അതുവഴി ബോധ്യമായി. എല്ലാവരും ദോഹ വിട്ടപ്പോഴേക്ക് ഇറാഖ് അധിനിവേശത്തിന്റെ അവസാന വിസിലും മുഴങ്ങി കഴിഞ്ഞിരുന്നു. ■